## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T*4600. 18.12.2014 ൽ മറുപടിക്ക്

### എയിഡഡ് കോളേജുകളിലെ അനധ്യാപക സ്റ്റാഫ് പാറ്റേൺ

**ചോദ്യം**
**ശ്രീ. എം ഉമ്മർ**

**മറുപടി**
**ശ്രീ. അബ്ദു റബ്ബ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

| | |
|---|---|
| (എ)കേരളത്തിലെ എയിഡഡ് കോളേജുകളിലെ അനധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നല്കുമോ; | 1997 ൽ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. 1998 ന് ശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലി ഭാരം കൂടി പരിഗണിച്ച് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യത്തെ തുടർന്ന് അത്തരത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോൾ ആവശ്യമായ തസ്തികകളുടെ എണ്ണം, അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.<br>ആയതു പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 22.03.2013 ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 1371 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ളതും ആകെ 11,98,77,887 രൂപ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതുമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br>ഈ വിഷയം പരിഗണിക്കവെ ധനകാര്യവകുപ്പ് ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യ കോളേജിൽ നിന്നും പ്രത്യേകം പ്രത്യേകം അപേക്ഷ വാങ്ങി പരിശോധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് 5.3.14 ലെ ഈ 1/10865/2012-ാം നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിൽ സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം മൂലം സർക്കാരിന് പ്രതിവർഷം 28,35,60,046/- രൂപയുടെ (ഇരുപത്തി എട്ട് കോടി മുപ്പത്തി അഞ്ചു ലക്ഷത്തി അറുപതിനായിരത്തിനാല്പത്തിയാറു രൂപ മാത്രം) അധിക ബാദ്ധ്യത ഉള്ളതായതാണ് കണക്കാക്കിയിരുന്നത്. ഈ പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരികയാണ്. ഇതിനിടെ സർക്കാരിന്റെ 19.9.14 ലെ ജി ഒ (പി) 400/14/ധന നമ്പർ പ്രകാരം 31.3.2015 വരെ പുതിയ തസ്തിക സൃഷ്ടിക്കേണ്ടതില്ലായെന്ന തീരുമാനമെടുത്തിട്ടുള്ളതിനാൽ ആയത് പിൻവലിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) അനധ്യാപക സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ E1/10865/2012 പ്രകാരമുള്ള ഫയലിലെ റിപ്പോർട്ട് സർക്കാരിലേക്കു ലഭിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | |
| (സി) അധ്യാപക തസ്തികകൾക്ക് ആനുപാതികമായി അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോ; | |

സെക്ഷൻ ഓഫീസർ